(സി) റിബേറിനത്തിലുള്ള കേന്ദ്രവിഹിതം വർഷത്തിൽ 2 കോടി രൂപയായി നിജപ്പെടുത്തണമെന്ന് 1995-96 വർഷത്തിൽ റിബേറ് തുടർന്ന് അനുവദിച്ചുകൊണ്ടുള്ള കത്തിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. റിബേറിന് പകരമായി ഒരു മാർക്കറ്റ് ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശവും കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലുള്ളതായിട്ടറിയുന്നു.

(ഡി) റിബേറ് സ്കീം തുടരണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(ഇ) റിബേറിനത്തിൽ 2.50 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(എഫ്) 1995-96 സാമ്പത്തിക വർഷാവസാനത്തോടെ മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ജി) റിബേറിനത്തിൽ 1993-94 മുതൽ 1995-96 വരെ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക	ചെലവായ തുക
1993-94	126.85 ലക്ഷം രൂപ	240 ലക്ഷം രൂപ
1994-95	89.15 ലക്ഷം രൂപ	300 ലക്ഷം രൂപ
1995-96	88.85 ലക്ഷം രൂപ	200 ലക്ഷം രൂപ

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനം

34. [1815] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനം എവിടെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ഇതുവരെ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

അസിസ്റ്റന്റുമാരുടെ ഒഴിവു നികത്താൻ നടപടി

35. [1816] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ധനകാര്യവകുപ്പിൽ അസിസ്റ്റന്റ് വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഇവ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നത് ;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അസിസ്റ്റന്റ് തലത്തിൽ ഒഴിവുകൾ നിലനിൽക്കുന്നതിനാൽ ധനകാര്യവകുപ്പിൽ ഭരണനിർവഹണത്തിന് കാലതാമസമുണ്ടാകുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അസിസ്റ്റന്റുമാരുടെ ഒഴിവുനികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ അസിസ്റ്റന്റുമാരുടെ 18 ഒഴിവുകൾ ഇപ്പോഴുണ്ട്.

(ബി) ഒരു വർഷം മുതൽ ആറു മാസം വരെയുള്ള കാലയളവിലാണ് ഒഴിവുകൾ വന്നിട്ടുള്ളത്.

(സി) പി.എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് റെഗുലർ നിയമനം നടത്താത്തത്.

(ഡി) അസിസ്റ്റന്റ് തലത്തിൽ ഒഴിവുകൾ വരുന്നതുമൂലം ഭരണ നിർവ്വഹണത്തിന് കാലതാമസം ഉണ്ടാകാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ സമഗ്ര തൊഴിൽദാനപദ്ധതി

36. [1817] ശ്രീ. കെ. പ്രകാശ് ബാബു :
,, പി. രാജു :
,, ഇ. രാജേന്ദ്രൻ :
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സബ്സിഡിയോടെ ടൂറിസം മേഖലയിൽ സമഗ്ര തൊഴിൽദാന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് സർക്കാർ നൽകുന്ന സബ്സിഡി എത്ര രൂപവീതമാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ടവർക്കുണ്ടായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തി ടൂറിസം മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ താഴെ ക്കുറിക്കുന്നു.

1. ടൂറിസം സ്വയം തൊഴിൽ പരിശീലന പദ്ധതി.
2. ജലാശയ ടൂറിസം പദ്ധതി.
3. ഗ്രാമീണ ടൂറിസം വികസന പദ്ധതി.
4. ടൂർ ഓപ്പറേറ്റർമാർക്കുള്ള സ്വയം തൊഴിൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly